# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **2651** | **09/03/2017** -ലെ മറുപടി

## വാട്ടർ അതോറിറ്റി എടുത്ത വായ്പയുടെ വിശദാംശങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി. പി.അയിഷാ പോറ്റി | മാത്യു ടി.തോമസ് (ജലവിഭവ വകുപ്പമന്ത്രി) |
| (എ) വിവിധ ഏജൻസികളിൽ നിന്നും വാട്ടർ അതോറിറ്റി എടുത്ത വായ്പയുടെ നില വിലെ തുക എത്രയാണ്; | (എ) 1. വാട്ടർ അതോറിറ്റി നടപ്പാക്കുന്ന കേരള വാട്ടർ സപ്ലൈ പ്രോജക്ടിന് ജപ്പാൻ ഇന്റർ നാഷണൽ കോ-ഓപ്പറേഷൻ ഏജൻസി (ജൈക്ക) യിൽ നിന്നും 2216.74 കോടി രൂപ വായ്പയായി എടുത്തിട്ടുണ്ട്. 10 വർഷത്തെ ഗ്രെയ്സ് പീരീഡിന് ശേഷം 20 വർഷം കൊണ്ട് പ്രസ്തുത വായ്പ മുഴുവൻ തിരിച്ചടയ്ക്കണം. കേന്ദ്ര സർക്കാരാണ് പലിശ സഹിതം വായ്പ തിരിച്ചടയ്ക്കുന്നത്.<br>2. എൽ.ഐ.സി യിൽ നിന്നും വിവിധ കുടിവെള്ള പദ്ധതികൾക്കായി എടുത്ത വായ്പയിൽ ഇനി ഒടുക്കാനുള്ള തുക 31/12/2016 വരെ 70.68 കോടി രൂപയാണ്. |
| (ബി) വായ്പയുടെ വിശദാംശങ്ങൾ ഏജൻസി തിരിച്ച് ലഭ്യമാക്കുമോ; | (ബി) 1. ജിക്കയിൽ നിന്നും മൂന്ന് പ്രത്യേക വായ്പാ കരാറുകളിലായി ഇതുവരെ 2216.74 കോടി രൂപ വായ്പയായി ലഭിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരും ജപ്പാൻ ബാങ്കും തമ്മിലാണ് കരാർ ഒപ്പിട്ടിട്ടുള്ളത്. ഒന്നു മുതൽ മൂന്നുവരെ ഘട്ടങ്ങളിലായി യഥാക്രമം 25/2/1997, 30/3/2007, 31/3/2009 തീയതികളിൽ വായ്പാകരാറുകൾ ഒപ്പുവച്ചു. ഇപ്രകാരം ഇതു വരെ യഥാക്രമം 423.35 കോടി, 1427.35 കോടി, 366.04 കോടി രൂപ വായ്പയായി ലഭിച്ചു. |

JSK/

2. പബ്ലിക് ഹെൽത്ത് എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റ് ആയിരുന്ന കാലത്ത് നിലവിലുണ്ടായിരുന്ന എൽ.ഐ.സി വായ്പാ തുകയായ 32.82 കോടി രൂപ 1984-ൽ കേരള വാട്ടർ അതോറിറ്റിയായി രൂപീകൃത മായപ്പോൾ ഏറ്റെടുക്കുകയുണ്ടായി. തുടർന്ന് പല വർഷങ്ങളിലായി പല പദ്ധതികൾ ക്കായി 2002-03 സാമ്പത്തിക വർഷം വരെ വായ്പയെടുക്കുകയും അവ യഥാസമയം തിരിച്ചടച്ച് വരികയും ചെയ്യുന്നു. 31/12/2016 വരെയുള്ള വായ്പാ കടിശ്ശിക 70.68 കോടി രൂപയാണ്.

(സി) പ്രസ്തുത വായ്പകൾ തിരിച്ചടവിന് പ്രതിമാസം പലിശ ഇനത്തിൽ കണ്ടെ ത്തേണ്ട തുകയുടെ കണക്ക് വിശദമാ ക്കുമോ?

(സി) 1. ജിക്ക മുഖാന്തിരം ലഭിച്ച വായ്പ 10 വർഷത്തെ ഗ്രെയ്സ് പീരീഡിന് ശേഷം 20 വർഷം കൊണ്ട് മുഴുവൻ തിരിച്ചടയ്ക്കണം. കേന്ദ്ര സർക്കാരാണ് പലിശ സഹിതം വായ്പ തിരിച്ചടയ്ക്കുന്നത്. പലിശ അർദ്ധ വാർഷികമായാണ് നൽകേണ്ടത്. ഒന്നു മുതൽ മൂന്നുവരെ ഘട്ട വായ്പകൾക്ക് യഥാ ക്രമം 2.1%, 1.3%, 1.2% ആണ് വാർഷിക പലിശനിരക്ക്.

2. 2016-17 സാമ്പത്തിക വർഷം പലിശ യിനത്തിൽ ആകെ 7.28 കോടി രൂപ എൽ.ഐ.സി ക്ക് അടയ്ക്കുകയുണ്ടായി. ഇത് പ്രതിമാസ കണക്കനുസരിച്ച് ഏകദേശം 61 ലക്ഷം രൂപ വരും. ഇതിന്റെ വാർഷിക പലിശനിരക്ക് 9.5% ആണ്. കൃത്യമായി അടച്ചാൽ 0.5% റിബേറ്റ് ലഭിക്കും. ഇതിനാൽ 9% മാത്രമേ പലിശയായി ഇത്തവണ നൽകിയിട്ടുള്ളൂ.

സെക്ഷൻ ഓഫീസർ

JSK/